# NATIONAL BULLETIN

DATE: 16.10.2024 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു മൗറിറ്റാനിയയിൽ എത്തി; മൗറിറ്റാനിയൻ പ്രസിഡന്റുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ച നടത്തും.

   **President Draupadi Murmu arrives in Mauritania as part of three-nation visit; The President will hold bilateral talks with the Mauritanian President.**

2. ന്യൂഡൽഹിയിലെ അന്താരാഷ്ട്ര അഭിധം ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പങ്കെടുക്കും.

   **Prime Minister Narendra Modi to attend the International Abhidhamma Divas celebrations in New Delhi tomorrow.**

3. 2025-26 വിപണന കാലയളവിൽ റാബി വിളകളുടെ കുറഞ്ഞ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം; കേന്ദ്രസർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും, പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർധിപ്പിക്കുന്നതിനും കേന്ദ്ര അംഗീകാരം.

   **Union Cabinet approves increase in the MSP for Rabi Crops for Marketing Season 2025-26; Cabinet also approves additional installment of three percent of Dearness Allowance to Central Government employees and Dearness Relief to Pensioners.**

4. ഹരിയാനയിൽ ബിജെപി നേതാവ് നയാബ് സിംഗ് സൈനിയുടെ നേതൃത്വത്തിലുള്ള സർക്കാർ നാളെ സത്യപ്രതിജ്ഞ ചെയ്യും; ജമ്മു കശ്മീർ മുഖ്യമന്ത്രിയായി ഒമർ അബ്ദുള്ള സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

**In Haryana, the government led by BJP leader Nayab Singh Saini will be sworn in tomorrow; Omar Abdullah took oath as Chief Minister of Jammu and Kashmir.**

5. കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ വരുത്തുന്നതിനുള്ള കേരളത്തിന്റെ തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര അംഗീകാരം.

**Centre approves Coastal Zone Management Plan of Kerala offering more relaxation in construction in coasts.**

6. ന്യൂഡൽഹിയിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ലോക കപ്പിൽ ഇന്ത്യയുടെ അഖിൽ ഷെയിരോണ് വെങ്കല മെഡൽ.

**Indian shooter Akhil Sheroan wins bronze medal at ISSF Shooting World Cup in New Delhi.**

### HEADLINES-1

## PREZ FOREIGN VISIT

ത്രിരാഷ്ട്ര സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മൗറിറ്റാനിയയിൽ എത്തി. മൗറിറ്റാനിയൻ പ്രസിഡന്റ് മൊഹമ്മദ് ഗസൗനിയുമായി ശ്രീമതി മുർമു ഉഭയകക്ഷി ചർച്ച നടത്തും. ഇന്ത്യൻ പ്രവാസി സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ രാഷ്ട്രപതി നാളെ മലാവി സന്ദർശിക്കും. ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്താൻ രാഷ്ട്രപതിയുടെ ത്രിരാഷ്ട്ര സന്ദർശനം ഏറെ ഗുണകരമാകുമെന്നാണ് വിലയിരുത്തൽ.

**************************************

## HEADLINES-3
# CABINET-DECISIONS

2025-26 വിപണന കാലയളവിൽ എല്ലാ റാബി വിളകളുടെയും കുറഞ്ഞ താങ്ങുവില വർധിപ്പിക്കുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കടുക് ക്വിന്റലിന് 300 രൂപയും, പരിപ്പ് ക്വിന്റലിന് 275 രൂപയുമാണ് വർധിപ്പിച്ചത്. പയർവർഗങ്ങളുടെ കുറഞ്ഞ താങ്ങുവിലയിൽ ക്വിന്റലിന് 210 രൂപയുടെ വർധന വരുത്തി. കൂടാതെ, ഉത്തർപ്രദേശിൽ ഗംഗാ നദിക്ക് കുറുകെ പുതിയ റെയിൽ-റോഡ് പാലം ഉൾപ്പെടെയുള്ള വാരണാസി-പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ മൾട്ടിട്രാക്കിംഗ് നിർമ്മാണത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2,642 കോടി രൂപയാണ് പദ്ധതി ചെലവെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**************************************

## HEADLINES-3A
# CABINET - DA (INTRO)

കേന്ദ്രസർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും, പെൻഷൻകാരുടെ ക്ഷാമാശ്വാസവും മൂന്ന് ശതമാനം വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭാ യോഗം തീരുമാനിച്ചു. രാജ്യത്തെ 49 ലക്ഷത്തിലധികം ജീവനക്കാർക്കും 64 ലക്ഷത്തിലധികം പെൻഷൻകാർക്കും ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

**************************************

# PM-CABINET DECISION

റാബി വിളകളുടെ കുറഞ്ഞ താങ്ങുവില വർധിപ്പിക്കാനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം രാജ്യത്തെ കർഷകരുടെ ക്ഷേമം മുൻനിർത്തിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അന്നദാതാക്കളായ കർഷകരുടെ ജീവിതം സുഗമമാക്കുന്നതിന് ഈ തീരുമാനം സഹായമാകുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

**************************************

## HEADLINES-2

## PM ABHIDHAMMA DIVAS

ന്യൂഡൽഹിയിൽ നാളെ നടക്കുന്ന അന്താരാഷ്ട്ര അഭിധം ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് അന്താരാഷ്ട്ര ബുദ്ധിസ്റ്റ് കോൺഫെഡറേഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രിമാരായ ഗജേന്ദ്ര സിംഗ് ഷെഖാവത്ത്, കിരൺ റിജിജു തുടങ്ങിയവർ സംബന്ധിക്കും. ശ്രീബുദ്ധന്റെ അഭിധം ദർശനങ്ങൾ പാലി ഭാഷയിൽ ലഭ്യമായതിനാൽ ഈ ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷ പദവി ലഭിച്ചത് ഇത്തവണത്തെ ആഘോഷങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

**************************************

## HEADLINES-4

## HARIYANA - BJP SWEARING

ഹരിയാനയിൽ ബിജെപി നേതാവ് നയാബ് സിംഗ് സൈനിയുടെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ നാളെ സത്യപ്രതിജ്ഞ ചെയ്യും. പഞ്ച്കുലയിലെ ഷാലിമാർ ഗ്രൗണ്ടിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ബിജെപി നേതാവും ഹരിയാന മുൻ മുഖ്യമന്ത്രിയുമായ നയാബ് സിംഗ് സൈനി ഇന്ന് ഗവർണർ ബന്ദാരു ദത്താത്രേയയെ കണ്ട് സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ചു. ബിജെപി

നിയമസഭാ കക്ഷി നേതാവായി സൈനിയെ നേരത്തെ തെരഞ്ഞെടുത്തിരുന്നു.

**************************************

**HEADLINES-4A**

## DAY J K SWEARING- IN

ജമ്മു കശ്മീർ മുഖ്യമന്ത്രിയായി നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ സത്യവാചകം ചൊല്ലിക്കൊടുത്തു. ജമ്മുകശ്മീർ ഉപമുഖ്യമന്ത്രിയായി സുരീന്ദർ കുമാർ ചൗധരിയും സത്യപ്രതിജ്ഞ ചെയ്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, ഐ.എൻ.ഡി.ഐ സഖ്യ നേതാക്കൾ തുടങ്ങിയവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു.

**************************************

## PM-OMAR

ജമ്മു കശ്മീർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഒമർ അബ്ദുള്ളയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. മികച്ച ജനസേവനം കാഴ്ച വക്കാൻ ഒമർ അബ്ദുള്ളയ്ക്ക് സാധിക്കട്ടെയെന്ന് ശ്രീ മോദി ആശംസിച്ചു. ജമ്മു കശ്മീരിന്റെ പുരോഗതിക്കായി ഒരുമിച്ചു പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

**************************************

## SCO-JAISHANKAR

ഇസ്ലാമാബാദിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ 23-മത് നേതൃതല യോഗം ഫലപ്രദമായിരുന്നെന്നും ചർച്ചകളിൽ ഇന്ത്യ ക്രിയാത്മകമായ

സംഭാവന നൽകിയതായും വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. യോഗത്തിൽ എട്ട് ഫല രേഖകളിൽ ഒപ്പുവെച്ചതായും വിദേശകാര്യമന്ത്രി പറഞ്ഞു. അടുത്ത SCO അധ്യക്ഷ പദവി ലഭിച്ച റഷ്യയെ ശ്രീ ജയശങ്കർ അനുമോദിച്ചു.

***************************************

## NSG RAISING DAY-PM- AMIT SHAH

ദേശീയ സുരക്ഷാ സേനയുടെ സ്ഥാപക ദിനത്തിൽ സേനാംഗങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയവർ ആശംസയറിയിച്ചു. അചഞ്ചലമായ അർപ്പണബോധത്തോടെയും ധൈര്യത്തോടെയും രാജ്യത്തെ സംരക്ഷിക്കുന്ന എല്ലാ NSG ഉദ്യോഗസ്ഥരെയും രാഷ്ട്രം ഒരേ സ്വരത്തിൽ അഭിവാദ്യം ചെയ്യുന്നതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ദ്രുത ഗതിയിലുള്ള പ്രതികരണം, കൃത്യത, തന്ത്രപരമായ നീക്കങ്ങൾ, രഹസ്യ ഓപ്പറേഷനുകൾ എന്നിവയിലെ വൈദഗ്ദ്ധ്യം കൊണ്ട് ദേശീയ സുരക്ഷ ശക്തിപ്പെടുത്താൻ NSGക്ക് കഴിയുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി പറഞ്ഞു.

***************************************

## GOYAL- IFQM SYMPOSIUM (INTRO)

രാജ്യത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ ആവാസവ്യവസ്ഥയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാരുമായി സഹകരിക്കാൻ വ്യവസായികളോട് ആഹ്വാനം ചെയ്ത് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. കളിപ്പാട്ടങ്ങൾ ഇറക്കുമതി ചെയ്തിരുന്ന രാജ്യമെന്ന നിലയിൽ നിന്ന് മുൻനിര കളിപ്പാട്ട കയറ്റുമതി രാജ്യമാകാൻ ഇന്ത്യക്ക് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ പ്രഥമ ഇന്ത്യൻ ഫൗണ്ടേഷൻ ക്വാളിറ്റി മാനേജ്മെന്റ് സിമ്പോസിയത്തിന്റെ മൂല്യനിർണ്ണയ സെഷനിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് വോയിസ്)

*************************************

**HEADLINES-6**

## ISSF SHOOTING

ന്യൂഡൽഹിയിൽ നടക്കുന്ന ISSF ഷൂട്ടിംഗ് ലോക കപ്പിൽ ഇന്ത്യൻ താരം അഖിൽ ഷെയിരോണ് വെങ്കല മെഡൽ. 50 മീറ്റർ റൈഫിൾ 3P ഇനത്തിലാണ് അഖിലിന്റെ മെഡൽ നേട്ടം. അഖിൽ ഷെയിരോൻറെ രണ്ടാം മെഡൽ നേട്ടമാണിത്.

*************************************

## EVE. CRICKET IND NZ TEST

ഇന്ത്യ-ന്യൂസിലൻഡ് ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ദിനം മഴ മൂലം ഉപേക്ഷിച്ചു. ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കേണ്ടിയിരുന്ന മത്സരം കനത്ത മഴയെത്തുടർന്ന് തടസ്സപ്പെടുകയായിരുന്നു. രണ്ടാം ദിനമായ നാളെ, മത്സരം നേരത്തെ ആരംഭിച്ചേക്കും. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ രണ്ടാം ടെസ്റ്റ് ഈ മാസം 24 മുതൽ 28 വരെ നടക്കും.

*************************************

**HEADLINES-5**

## KERALA COASTAL MANAGEMENT PLAN - APPROVAL

കേരളത്തിൻറെ തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകാരം നൽകി. സംസ്ഥാനത്തെ കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനാണ് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പത്ത്

തീരദേശ ജില്ലകളിലെ 10 ലക്ഷത്തോളം ജനങ്ങൾക്ക് ഇതിൻറെ ആനുകൂല്യം ലഭിക്കും. ഇതിലൂടെ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണമുണ്ടായിരുന്ന 66 പഞ്ചായത്തുകളിൽ ഇളവ് ലഭിക്കും.

*************************************

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമല നട തുറന്നു. ശബരിമലയിലേയും മാളികപ്പുറത്തെയും പുതിയ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നാളെ രാവിലെ നടക്കും. തുലാമാസ പൂജകൾക്ക് ശേഷം ഈ മാസം 21 ന് രാത്രി 10 മണിക്ക് നട അടക്കും.

*************************************

## JITHENDRA SINGH

CSIR - NIIST സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിന്റെ കേന്ദ്രത്തിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിൻറെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. പെർഫോമൻസ് കെമിക്കൽസ് ആൻറ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിന്റെ കേന്ദ്രവും കേന്ദ്ര സഹമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും.

*************************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകി. കേരള - കർണാടക-ലക്ഷദ്വീപ്

തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം റെഡ് അലർട്ട് പ്രഖ്യാപിച്ചു.

*************************************

## TN-RAIN UPDATE

തമിഴ്നാട്ടിൽ ചെന്നൈ, തിരുവള്ളൂർ, കാഞ്ചീപുരം, ചെങ്കൽപേട്ട് ജില്ലകളിൽ അടുത്ത 24 മണിക്കൂറിൽ മഴ ശക്തമാകുമെന്ന് പ്രാദേശിക കാലാവസ്ഥാ വിഭാഗം മുന്നറിയിപ്പ് നൽകി. തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ, ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിൻ, മന്ത്രിമാർ തുടങ്ങിയവർ തുടർനടപടികൾ വിലയിരുത്തി. രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കോസ്റ്റ് ഗാർഡിന്റെ 29 സംഘങ്ങളെയും NDRF, SDRF ടീമുകളെയും സജ്ജമാക്കി.

*************************************

## STOCK CLOSE + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 319 പോയിന്റ് താഴ്ന്ന് 81,501 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 86 പോയിന്റ് നഷ്ടത്തിൽ 24,971 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണ വിലയിൽ വർധന. പവന് 360 രൂപ കൂടി 57,120 രൂപയും ഗ്രാമിന് 7,140 രൂപയുമാണ് ഇന്നത്തെ വില.

*

**************

************************************************************